**<u>സ്വിസ് കേരള വനിതാഫോറം  അന്താരാഷ്ട്ര വനിതാദിനം  സമുചിതമായി ആഘോഷിക്കുന്നു</u>**




ബാസൽ: അന്താരാഷ്ട്ര വനിതാദിനമായ മാർച്ച് 8 സമുചിതമായി ആഘോഷിക്കുവാനും ചർച്ച ക്ലാസ് നടത്തുവാനും സ്വിസ് കേരളാ വനിതാഫോറം തീരുമാനിച്ചു.

രാവിലെ 10 മണിക്ക് ബാസൽ സെന്റ് ആന്റണി പാരിഷ്  ഹാളിൽ കൂടുന്ന യോഗത്തിൽ കിഡ്നി ഫൗണ്ടേഷൻ ഇന്ത്യയുടെ ചെയർമാൻ ഫാദർ ഡേവിസ് ചിറമേൽ ക്ലസ്സെടുക്കുന്നതായിരിക്കും. പ്രശസ്ത വചനപഘോഷകനും സഹജീവികളുടെ കണ്ണീരൊപ്പുന്നവനുമായ ഫാദർ ചിറമേലിന്റെ ക്ലാസ്സിൽ നിന്നും അറിവ് നേടുവാൻ സംഘടനാംഗങ്ങൾ അല്ലാത്ത വനിതകൾക്കും അവസരമുണ്ട്.



വനിതാദിനം പ്രമാണിച്ച് ഒത്തൊരുമയോടെ ഈ ചർച്ചകളിൽ പങ്കെടുക്കുവാൻ എല്ലാ വനിതാ സുഹൃത്തുക്കളെയും ക്ഷണിക്കുകയാണെന്ന് പ്രസിഡണ്ട് സൂസൻ പുതുള്ളിൽ,  സെക്രട്ടറി ലീനാ കളങ്ങര,  പി ആർ ഓ ലീമാ വള്ളാടിയിൽ എന്നിവർ അറിയിച്ചു.